**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ഭൂമി തരം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ആകെ 45337 അപേക്ഷകൾ 06.08.2023 തീയതി വരെ, ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 06.08.2023 തീയതി വരെ 24637 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | ഭവന നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതിന് നേരിടുന്ന കാലതാമസം കാരണം സാധാരണക്കാർ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | ഭവന നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതിന് നേരിടുന്ന കാലതാമസം കാരണം സാധാരണക്കാർ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഇല്ലാതാക്കാനുള്ള അടിയന്തര നടപടികൾ നടപ്പിലാക്കി വരുന്നുണ്ട്. ചുമതലകൾ വികേന്ദ്രീകരിച്ച് അപേക്ഷകൾ വേഗത്തിലാക്കാൻ ആലോചിക്കുന്നുണ്ട്.<br><br>മുൻഗണനാക്രമം പാലിച്ചു കൊണ്ട്, വില്ലേജ്ഫീ ഓഫീസർ/കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ആവശ്യമെങ്കിൽ നേരിട്ട് സ്ഥലപരിശോധന നടത്തിയും കെ.എസ്.ആർ ഇ സി - യുടെ റിപ്പോർട്ട് ലഭ്യമാക്കിയും, വളരെ സൂക്ഷ്മതയോടെയു അവധാനതയോടെയുമാണ് തരം മാറ്റ അപേക്ഷകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ തീർപ്പ് കൽപ്പിക്കുന്നത്.<br><br>മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെട്ടവയും, അനുകമ്പാർഹമായ മറ്റ് കാരണങ്ങൾ വ്യക്തമാക്കിയും സമർപ്പിക്കുന്നവയ്ക്ക്, മുൻഗണന നൽകി തീർപ്പ കൽപ്പിക്കണമെന്ന വ്യവസ്ഥ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ ഉൾപ്പെടുത്തിക്കൊണ്ട്, ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>കൂടാതെ, ഭൂമിയുടെ തരംമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേലുള്ള നടപടിക്രമം ലളിതവും |

| | | | |
|---|---|---|---|
| | | | വേഗത്തിലുമാക്കാൻ, 27 (സി) പ്രകാരമുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനായി, 05.08.2023-ലെ സ.ഉ (സാധാ) നം.2886/2023/ ആർഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷനൽ ഓഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ്ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം, തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പ് കൂടി നൽകേണ്ടതാണ്. ഇപ്രകാരം സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ, ഒരാഴ്ച്ചക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ RelLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും, സ്കെച്ചിന്റെ പകർപ്പ്, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും, സപ്ലിമെന്ററി അടിസ് ഥാന നികുതി രജിസ്റ്റർ മാതൃകയിൽ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും, സർവ്വേ പെന്റിംഗ് ആണെന്ന വിവരം, RelLIS-ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലെ 27(സി) പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.2886/2023/RD തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:- 1. 78-ാമത് ' റവന്യൂ സെക്രട്ടേറിയറ്റ് ' യോഗത്തിന്റെ നടപടിക്കുറിപ്പ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-07-2023-ലെ LR/7434/2023-LR(A4) നം. റിപ്പോർട്ട് .

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുമ്പോൾ, 27(സി) പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർശം (1) - ലെ 'ഭൂമി തരംമാറ്റം' സംബന്ധിച്ചുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

2. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ് ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ, റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം, തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പ് കൂടി നല്കേണ്ടതാണ്. ഇപ്രകാരം, സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ, ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും, സ്കെച്ചിന്റെ പകർപ്പ്, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും, സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ, ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും, സർവ്വേ പെൻഡിങ് ആണെന്ന വിവരം, ReLIS - ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

3. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച്, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിലെ വസ്തുതകൾ വ്യക്തമാക്കിക്കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ, വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രസിദ്ധീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
കൃഷി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 05-08-2023 13:38:42

ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു. റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്